**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4768 — 22.03.2018-ലെ മറുപടിയ്ക്ക്

## കായികരംഗത്ത് കോഴിക്കോട് ജില്ലയിലെ പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ദാസൻ** | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| കായികരംഗത്ത് കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പദ്ധതി പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ തുടക്കം കുറിച്ചത്; അവ എതൊക്കെയെന്ന് വ്യക്തമാക്കാമോ? | കോഴിക്കോട് ജില്ലയിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ പുല്ലൂരാംപാറ തിരുവമ്പാടി മിനി സ്റ്റേഡിയവും നടുവണ്ണൂർ വോളിബോൾ അക്കാദമി എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നടുവണ്ണൂർ വോളിബോൾ അക്കാദമിയ്ക്ക് 10.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ച് വരുന്നു. പുല്ലൂരാംപാറ തിരുവമ്പാടി മിനി സ്റ്റേഡിയത്തിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**